II ഇ.ബി. XIകേരള നിയമസഭ/IV31

## പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂലായ് 31, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

231 (*735) മത്സ്യത്തിന്റെ ആഭ്യന്തര മാർക്കറ്റ് വില നിയന്ത്രിക്കാൻ നടപടി

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി( പ്രൊഫെ.കെ.വി.തോമസ്) നൽകിയ മറുപടിയിൽ വർഷംതോറുമുള്ള കടൽ മൽത്സ്യോല്പാദനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതല്ലാതെ സ്ഥിരമായ കുറവുണ്ടാകുന്നില്ലെന്നും മാർക്കറ്റ് വിലയിലെ ഏറ്റക്കുറച്ചിലുകൾ സാധാരണമാണെന്നും സഭയെ അറിയിച്ചു. പുതിയതായി രൂപീകരിക്കുന്ന ഫിഷറീസ് നയത്തിൽ മത്സ്യോല്പാദകർക്ക് മെച്ചപ്പെട്ട വിലയും ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് മത്സ്യം ലഭ്യമാക്കുന്നതിനുതകുന്ന മത്സ്യവിപണന നിയന്ത്രണ നടപടികളും ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഇടനിലക്കാരുടെ ഇടപെടലുകൾ കൂടാതെ യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിക്കുന്ന മത്സ്യത്തിന് ന്യായമായ വില ലഭിക്കുന്നതിനുവേണ്ടി ബീച്ച് ലെവൽ ലേലത്തിൽ പങ്കെടുക്കുവാൻ ആവശ്യമായ മാർജിൻ മണി മത്സ്യഫെഡ്ഡ് മുഖേന നൽകുന്നുണ്ട്. ഇതനുസരിച്ച് ഇതുവരെ 22210 തൊഴിലാളികൾ ലേലത്തിൽ പങ്കെടുക്കുകയും 147 മെട്രിക് ടൺ മത്സ്യം ലേലത്തിൽ പിടിക്കുകയും ചെയ്തിട്ടുണ്ട്. മദ്ധ്യവർത്തികൾ ലാഭം തട്ടിയെടുക്കുന്നത് പൂർണ്ണമായും ഒഴിവാക്കുന്നതിന് മത്സ്യഫെഡ്ഡിന്റെ കീഴിൽ വരുന്ന പ്രൈമറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിലുള്ള 654 പ്രൈമറി സഹകരണ സംഘങ്ങളിൽ 192 എണ്ണം മാത്രമേ ഫലപ്രദമായി പ്രവർത്തിക്കുന്നുള്ളൂ. മത്സ്യഫെഡ്ഡിന്റെ കീഴിൽ 10 ഐസ് പ്ലാന്റുകളും കൊച്ചിയിൽ പ്രവർത്തിക്കുന്ന ആധുനിക സംവിധാനങ്ങളുള്ള ഒരു ഫ്രീസിംഗ് പ്ലാന്റുമാണുള്ളത്. അതിൽ രണ്ടു പ്ലാന്റുകളും ഫ്രീസിംഗ് പ്ലാന്റും മാത്രമാണ് പ്രവർത്തനസജ്ജമായിട്ടുള്ളത്. ബാക്കിയുള്ളവ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ മത്സ്യം ലഭിക്കുന്ന സന്ദർഭത്തിൽ ടി സംഘങ്ങൾ വഴി മത്സ്യം

വിലയ്ക്ക് വാങ്ങി കൊച്ചിയിലുള്ള ഐസ് പ്ലാന്റിലും ഫ്രീസിംഗ് പ്ലാന്റിലും സൂക്ഷിച്ചശേഷം അവിടെനിന്നും കയറ്റുമതി ചെയ്യുന്ന സംവിധാനം കൂടുതൽ ഫലപ്രദമാക്കുന്നതാണ്. ഇപ്പോൾ ഇൻസുലേറ്റഡ് വാഹനങ്ങളും പെട്ടികളും ഫ്രീസറുകളും സൈക്കിൾ ഉൾപ്പെടെയുള്ള ഉപകരണങ്ങളും സംഘങ്ങൾ വഴി വിതരണം ചെയ്യുന്നുണ്ട്. ട്രാൻസ്പോർട്ടേഷനും റഫ്രിജിറേറ്റർ അടക്കമുള്ള സ്റ്റോറേജ് ഫെസിലിറ്റിയും കാര്യക്ഷമമാക്കുന്നതിന് എൻ.സി.ബി.സി.യും മിനിസ്ട്രി ഓഫ് ഫുഡ് പ്രോസസിംഗും ചേർന്ന് കോൾഡ് സ്റ്റോറേജ് ലിങ്കിന് രൂപം നൽകിവരികയാണ്. മത്സ്യഫെഡ്ഡിന്റെ കീഴിലുള്ള മത്സ്യ വില്പന ശാലകൾ കാര്യക്ഷമമാക്കുന്നതാണ്. പ്രൈമറി സഹകരണ സംഘങ്ങളിൽ യഥാർത്ഥ മൽസ്യത്തൊഴിലാളികൽക്ക് മാത്രമേ അംഗത്വം ലഭിക്കുന്നുള്ളൂവെന്ന് ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. അയൽ സംസ്ഥാനങ്ങളിൽനിന്നു വരുന്ന മൽസ്യങ്ങളിൽ അമോണിയ പോലുള്ള രാസപദാർത്ഥങ്ങൾ ചേർത്തിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ലോക്കൽ ബോഡീസും ഫിഷറീസ്-ഹെൽത്ത് ഡിപ്പാർട്ടുമെന്റുകളും ചേർന്നുള്ള ഒരു പദ്ധതിക്ക് രൂപം നൽകുകയും കർശനമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ടെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

232 (*736) <u>വാട്ടർ അതോറിറ്റിയിൽ തുക വകമാറ്റി ചെലവഴിക്കുന്ന നടപടി</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം.ജേക്കബ്) നൽകിയ മറുപടിയിൽ, മൂലധനമിനത്തിൽ നീക്കിവച്ചിട്ടുള്ള തുക പദ്ധതിയിതര പ്രവർത്തനങ്ങൾക്കുവേണ്ടി വക മാറ്റി ചെലവഴിക്കേണ്ടി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു.. പദ്ധതിയേതര ചെലവുകൾക്കായി കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെടുന്നതിനെക്കാൾ വളരെ കുറഞ്ഞ തുകയാണ് സർക്കാരിൽനിന്നും അനുവദിക്കാറുള്ളത്. വൈദ്യുതി ചാർജിലും ശമ്പളമിനത്തിലും മറ്റു ചെലവുകളിലും കാലാകാലങ്ങളിലുണ്ടായ വർദ്ധനവുമൂലം പദ്ധതിയേതര ചെലവുകൾ ക്രമാതീതമായി വർദ്ധിച്ചുവെങ്കിലും അതനുസരിച്ചുള്ള വർദ്ധനവ് പദ്ധതിയേതര ചെലവുകൾക്കുള്ള സർക്കാർ ഗ്രാന്റിൽ വന്നിട്ടില്ല. ഈ സാഹചര്യത്തിലാണ് തുക വക മാറ്റി ചെലവഴിക്കുന്ന സാഹചര്യമുണ്ടായത്. വക മാറി ചെലവഴിച്ചതുമൂലം കേന്ദ്രത്തിൽനിന്നും കിട്ടേണ്ട തുകയൊന്നും കിട്ടാതെ വന്നിട്ടില്ല. ആക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ളൈ സ്കീമിന് 85 ശതമാനം തുക ചെലവു കാണിച്ചാൽ മാത്രമേ കേന്ദ്ര വിഹിതം കിട്ടുകയുള്ളൂ. ഇതിനുള്ള പദ്ധതി വിഹിതം കൃത്യമായി ചെലവഴിക്കാൻ കഴിയാത്തതിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടേണ്ട 18.88 കോടി രൂപ 2001-2002-ൽ ലഭിച്ചിട്ടില്ല. പദ്ധതി വിഹിതം പദ്ധതിയേതര ചെലവുകൾക്ക് വിനിയോഗിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ധവള പത്രം പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്മേലുള്ള ചർച്ചകൾ പൂർത്തിയായശേഷം അവസാന തീരുമാനം എടുക്കുന്നതാണ്. പ്രവർത്തനച്ചെലവുകൾക്കനുസൃതമായ റിട്ടേൺസ് ലഭിക്കുന്നില്ല. അധികച്ചെലവ് കുറയ്ക്കുന്നതിനും റവന്യൂ കളക്ഷൻ വർദ്ധിപ്പിക്കുന്നതിനുമുള്ള ശ്രമം നടത്തിവരുന്നു. നിലവിലുള്ള വാട്ടർ മീറ്ററുകളുടെ 50% കേടായിക്കിടക്കുന്നതുമൂലം വെള്ളക്കരം കൃത്യമായി ഈടാക്കുന്നതിന് ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. ആറു മാസത്തിലൊരിക്കലുള്ള ബില്ലിംഗ് സമ്പ്രദായം രണ്ടു മാസത്തിലൊരിക്കലാക്കിമാറ്റിയിട്ടുണ്ട്. അത് മാസത്തിലൊരിക്കലാക്കുന്നതോടുകൂടി മാത്രമേ വെള്ളക്കരം പിരിക്കുന്നത് കാര്യക്ഷമമാക്കാൻ

കഴിയുകയുള്ളൂ. ഇതിനുണ്ടാകുന്ന അധികച്ചെലവ് കണക്കിലെടുത്ത് കുടുംബശ്രീ അംഗങ്ങളെക്കൂടി ഇതിൽ പങ്കാളികളാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചു വരികയാണ്. ഇതുവരെ ലോക്കൽ ബോഡീസും മെഡിക്കൽകോളേജുകളടക്കമുള്ള ഗവണ്മെൻറ് ഇൻസ്റ്റിറ്റ്യൂഷനുകളും ഡൊമസ്റ്റിക്-നോൺ ഡൊമസ്റ്റിക് വിഭാഗങ്ങളും ഉൾപ്പെടെ വരുത്തിയിട്ടുള്ള ആകെ കുടിശ്ശിക 190.34 കോടി രൂപയാണ്. വെള്ളക്കരം കൃത്യമായി പിരിക്കുന്നതിന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ചെറിയചെറിയ പദ്ധതികൾ പൂർത്തിയാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിക്കുന്നതിന് വാട്ടർ അതോറിറ്റി തയ്യാറാണ്. ഇതനുസരിച്ച് 1050 പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിച്ചുവെങ്കിലും 131 എണ്ണം മാത്രമേ ഇതുവരെ ഏറ്റെടുത്തിട്ടുള്ളൂ. ഇക്കാര്യത്തിൽ ജനപ്രതിനിധികളുടെ സഹകരണം അനിവാര്യമാണ്. എൽ.ഐ.സി., ഹഡ്കോ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾക്കു പുറമെ നാഷണലൈസ്ഡ്-ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(* 737 -ാം നമ്പർ ചോദ്യം ചോദ്യകർത്താക്കൾ ഉന്നയിച്ചില്ല.)

233 (*738) <u>ശുദ്ധജല വിതരണത്തിനുള്ള ചെലവ്</u>

ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 2000-2001-ലെ കണക്കുപ്രകാരം ഒരു കിലോലിറ്റർ വെള്ളത്തിന്റെ ഉല്പാദന ചെലവ് വിതരണ ചെലവ് അടക്കം 8.14 രൂപയാണെന്ന് സഭയെ അറിയിച്ചു. വർദ്ധിച്ചു വരുന്ന വൈദ്യുതി ചെലവ്, പലിശയിനത്തിലുള്ള ചെലവ്, ഭരണചെലവ്, കെമിക്കൽസ്, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കുള്ള ചെലവ്, തേയ്മാനം എന്നിവകൂടി ഉൾപ്പെടുത്തേണ്ടിവരുന്നതുകൊണ്ടാണ് ഉല്പാദനച്ചെലവിൽ വർദ്ധനവുണ്ടായത്. എന്നിരുന്നാലും ഉല്പാദനച്ചെലവിനനുസൃതമായി വെള്ളത്തിന്റെ ചാർജ് വർദ്ധിപ്പിച്ചിട്ടില്ല. ഉപഭോക്താക്കളിൽനിന്നും സ്ലാബടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ ചുവടെ ചേർക്കുന്നു:

<u>ഗാർഹിക ആവശ്യത്തിന്</u>

| | |
|---|---|
| 10 കിലോലിറ്റർവരെ | 20 രൂപ (മിനിമം ചാർജ്) |
| 10 മുതൽ 30 കിലോലിറ്റർവരെ | 20 രൂപയും 10000 ലിറ്റർ കവിഞ്ഞുള്ള ഓരോ 1000 ലിറ്ററിന് 3 രൂപ നിരക്കിലും |
| 30 മുതൽ 50 കിലോലിറ്റർവരെ | 80 രൂപയും 30000 ലിറ്റർ കവിഞ്ഞുള്ള ഓരോ 1000 ലിറ്ററിനും 5 രൂപ നിരക്കിലും |
| 50 കിലോലിറ്ററിന് മുകളിൽ | 180 രൂപയും 50000 ലിറ്റർ കവിഞ്ഞുള്ള ഓരോ ആയിരം ലിറ്ററിനും 7.35 രൂപ നിരക്കിലും |

<u>ഗാർഹികേതര ആവശ്യത്തിന്</u>

| | |
|---|---|
| 50 കിലോലിറ്റർ വരെ | 1000 ലിറ്ററിന് 7.35 രൂപ നിരക്കിൽ. കുറഞ്ഞ നിരക്ക് 100 രൂപ |
| 50 കിലോലിറ്ററിന് മുകളിൽ | 50 കിലോലിറ്റർ കഴിഞ്ഞുള്ള<br>ഓരോ ആയിരം ലിറ്ററിനും 10.60 രൂപ നിരക്കിൽ. കുറഞ്ഞ നിരക്ക്<br>368 രൂപ |

<u>വ്യാവസായികാവശ്യത്തിന്</u>

| | |
|---|---|
| കിലോലിറ്ററിന് 10.60 രുപ | മിനിമം 200 രൂപ. |

കൃഷി ആവശ്യത്തിനായി എടുത്തിട്ടുള്ള കണക്ഷനിൽ നിന്നും വെള്ളം കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഗവണ്മെന്റ് നിർദ്ദേശപ്രകാരം വാട്ടർ ചാർജ് വർദ്ധിപ്പിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് അവകാശമുണ്ടെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

234 (*739) <u>കാഡയുടെ കീഴിലുള്ള കർഷക സമിതികൾ</u>

ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഫീൽഡ് ചാനൽ നിർമ്മാണം, ഫീൽഡ് ഡ്രെയിൻ നിർമ്മാണം, റിക്ലമേഷൻ പദ്ധതികൾ, വാരബന്ധി, അഡാപ്റ്റീവ് ട്രയൽ, ഡമോൺസ്ട്രേഷൻ, കർഷക പരിശീലന പരിപാടി, ചെറുകിട/നാമമാത്ര കർഷകർക്കുള്ള ധനസഹായം, വിളവെടുപ്പ് പരീക്ഷണങ്ങൾ, മണ്ണുസംരക്ഷണം എന്നിവയാണ് കമാന്റ് ഏരിയാ വികസന അതോറിറ്റി ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികളെന്ന് സഭയെ അറിയിച്ചു. കാർഷികോല്പാദന വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് കാഡ അഡാപ്റ്റീവ് ട്രയൽ, ഡമോൺസ്ട്രേഷൻ, കാർഷിക പരിശീലന പരിപാടി, ചെറുകിട/നാമമാത്ര കർഷകർക്കുള്ള ധനസഹായം എന്നീ നാലു പദ്ധതികൾ നടപ്പിലാക്കിവരുന്നു. കാഡയുടെ കീഴിൽ സംസ്ഥാനത്ത് 3943 കർഷക സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജലസേചന പദ്ധതി പ്രദേശങ്ങളിൽ കൃത്യസമയത്ത് ആവശ്യമായ തോതിൽ ജലസേചന സൗകര്യം ലഭിക്കുന്നതിനു വേണ്ടതായ ക്രമീകരണങ്ങൾ ചെയ്യുക, കൃഷിയിടങ്ങളുടെ കിടപ്പും നിലവിലുള്ള കൃഷി രീതികളും പരിഷ്കരിച്ച് കാർഷിക വൃത്തി കൃഷിക്കാർക്ക് ലാഭകരമാക്കാൻ വേണ്ട ആസൂത്രണങ്ങൾ നടത്തുക, വിളവിന് നാശം ചെയ്തേക്കാവുന്ന അധികജലം വാർന്നുപോകുന്നതിന് ജലനിർഗ്ഗമനചാലുകളുടെ നിർമ്മാണം, കൃഷിയിടങ്ങളിലേക്ക് ആവശ്യമായ സാധനസാമഗ്രികൾ എത്തിക്കുന്നതിനും ഉൽപന്നങ്ങൾ വിപണിയിലേക്കും മറ്റും എത്തിക്കുന്നതിനും

ആവശ്യമായ റോഡുകളുടെ നിർമ്മാണം, കൃഷിക്കാർക്കാവശ്യമായ വിത്ത്, വളം, കൃഷി ഉപകരണങ്ങൾ, കീടനാശിനികൾ എന്നിവയുടെ മൊത്തമായ സംഭരണം, അവ വേണ്ട സമയത്ത് കർഷകർക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക, കീടനാശിനികൾ തളിക്കുന്നതിനുള്ള കുറ്റിപമ്പ്, പവർ സ്പ്രേയർ, കൊയ്ത്ത്, ഉഴവ് യന്ത്രങ്ങൾ മുതലായവ സമിതിക്ക് വാങ്ങി അവ വാടക ഇല്ലാതെയോ കുറഞ്ഞ വാടകയ്ക്കോ മെമ്പർമാർക്ക് നൽകുക, ഫീൽഡ് ബൂത്തിയുടേയും ഫാം ചാനലുകളുടേയും ജലനിർഗ്ഗമന ചാലുകളുടേയും അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ ചെയ്യുക, ശാസ്ത്രീയ കൃഷി രീതികളെയും ശാസ്ത്രീയ ജലവിനിയോഗത്തെയും കുറിച്ച് കർഷകരെ ബോധവാൻമാരാക്കുന്നതിനു കർഷക സെമിനാറുകളും ചർച്ചാ ക്ലാസുകളും സംഘടിപ്പിക്കുക, എല്ലാ കൃഷിയിടങ്ങളിലും വേണ്ട സമയത്ത് വെള്ളമെത്തിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുക, സാമൂഹ്യ ജലസേചന പദ്ധതിയിൻകീഴിലുള്ള കുഴൽക്കിണർ നിർമ്മാണം, ലിഫ്റ്റ് ഇറിഗേഷൻ, ഭൂ വികസനം, മണ്ണു സംരക്ഷണം മുതലായ പരിപാടികൾ നടപ്പിലാക്കുക, ഫാം ചാനലുകളുടെ നിർമ്മാണം എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുക, കനാൽ കമ്മിറ്റികളിലും പ്രോജക്ട് കമ്മിറ്റികളിലും പ്രാപ്തരായ പ്രതിനിധികളെ തെരഞ്ഞെടുത്ത് സമിതിയുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുക, കനാൽ കമ്മിറ്റി തീരുമാനങ്ങൾ നടപ്പിൽ വരുത്തുക എന്നിവയാണ് കർഷക സമിതികളുടെ പ്രവർത്തനങ്ങൾ. എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ വാലി, കൊല്ലം ജില്ലയിലെ കല്ലട എന്നീ ജലസേചന പദ്ധതികളുടെ ആയക്കെട്ട് പ്രദേശത്തുകൂടി കാഡ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് ഈ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

235 (*740) <u>ഫിഷറീസ് വകുപ്പിനു കീഴിലുള്ള മത്സ്യം വളർത്തുകേന്ദ്രങ്ങളും ഫിഷ്പോണ്ടുകളും</u>

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, നെയ്യാർഡാം, പോളച്ചിറ, പന്നിവേലിച്ചിറ, മലമ്പുഴ, ഉള്ളാനം, കടുങ്ങല്ലൂർ, പള്ളം, മീൻകര എന്നിവിടങ്ങളിൽ ശുദ്ധജല മത്സ്യ വിത്തുല്പാദന കേന്ദ്രങ്ങളും നീണ്ടകര, അഴീക്കോട് റീജിയണൽ ക്രിംപ് ഹാച്ചറി എന്നിവിടങ്ങളിൽ ചെമ്മീൻ വിത്തുല്പാദന കേന്ദ്രങ്ങളും അഡാക്കിന്റെ കീഴിൽ തൃശൂർ ജില്ലയിൽ പൊയ്ക ഫിഷ് ഫാമും പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിച്ചു. കൂടാതെ മത്സ്യഫെഡിന്റെ കീഴിൽ ഞാറയ്ക്കൽ, മാലിപ്പുറം, ചാലക്കുടി എന്നിവിടങ്ങളിൽ മത്സ്യം വളർത്തുന്ന കേന്ദ്രങ്ങളും തിരുമുല്ലവാരം, വെളിയങ്കോട്, മാപ്പിള ബേ എന്നിവിടങ്ങളിൽ ചെമ്മീൻ വിത്തുല്പാദനകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

236 (*744) <u>വൻകിട ജലസേചന പദ്ധതികൾ</u>

ജലവിഭവ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയും ഇടമലയാർ ജലസേചന പദ്ധതിയും കേന്ദ്ര ഗവൺമെന്റിന്റെ അനുവാദത്തിനായി സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിച്ചു. പൂർത്തീകരിച്ച വൻകിട ജലസേചന പദ്ധതികളിൽ, മലമ്പുഴ, ചിറ്റൂർപുഴ, പമ്പാ, പീച്ചി, പെരിയാർവാലി, ചാലക്കുടി, ചിമ്മിണി, കുറ്റ്യാടി, നെയ്യാർ എന്നീ ജലസേചന പദ്ധതികൾ ജലവിതരണം സംബന്ധിച്ച ലക്ഷ്യം നേടിയ പദ്ധതികളാണ്.

237 (*750) രാമക്കൽമേട് പദ്ധതി

വിദ്യുച്ഛക്തി വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, രാമക്കൽമേട്ടിൽ കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള 25 മെഗാവാട്ട് വീതം ശേഷിയുള്ള രണ്ട് വൈദ്യുത പദ്ധതികൾക്ക് ഇൻഡിക്കേറ്റീവ് വൈദ്യുതി വാങ്ങാൻ കരാർ ഒപ്പുവച്ചിട്ടുണ്ടെന്ന് അറിയിച്ചു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

206 (4597) അണ്ടർ ഗ്രൗണ്ട് ഡാം

അണ്ടർ ഗ്രൗണ്ട് ഡാമുകൾ നിർമ്മിക്കുന്നതുകൊണ്ട് ഭൂജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനും ജലനിരപ്പ് ഉയർത്തുന്നതിനും സാധിക്കുന്നതാണ്. സംസ്ഥാനത്ത് ഇപ്പോൾ (തിരുവനന്തപുരം ജില്ലയിൽ 2, കൊല്ലം ജില്ലയിൽ 1, കോട്ടയം ജില്ലയിൽ 1, എറണാകുളം ജില്ലയിൽ 1, പാലക്കാട് ജില്ലയിൽ 3) 8 അണ്ടർഗ്രൗണ്ട് ഡാമുകളുണ്ട്.

207 (4613) പാരമ്പര്യ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണ പദ്ധതികൾക്ക് ലഭിച്ച തുക

പതിനൊന്നാം ധനകാര്യ കമ്മീഷന്റെ അവാർഡുപ്രകാരം പാരമ്പര്യ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണ പദ്ധതികൾക്കുവേണ്ടി അനുവദിച്ച തുകയിൽ കേരള വാട്ടർ അതോറിറ്റിക്കു ലഭിച്ച 129.71 ലക്ഷം രൂപ ഉപയോഗിച്ച് 31 ജലസ്രോതസ്സുകൾ പുനരുദ്ധരിച്ചിട്ടുണ്ട്. ഇതുമൂലം ഏകദേശം 350,050 പേർക്ക് പ്രയോജനം കിട്ടിയിട്ടുണ്ട്.

208 (4636) മൃഗശാലകൾക്ക് ആവശ്യമായ അനുമതിയും ലൈസൻസും

മ്യൂസിയവും മൃഗശാലയും വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം മൃഗശാലയ്ക്ക് 31-5-2002 വരെയും തൃശൂർ മൃഗശാലയ്ക്ക് 31-3-1998 വരെയും മാത്രമേ കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളൂ. 5.6 ഹെക്ടർ സ്ഥലം മാത്രം വിസ്തീർണ്ണമുള്ള തൃശൂർ മൃഗശാല കൂടുതൽ സൗകര്യമുള്ള സ്ഥലത്തേക്ക് മാറ്റി ആധുനിക സങ്കല്പങ്ങൾക്ക് അനുസൃതമായി വികസിപ്പിക്കാൻ നടപടി സ്വീകരിച്ചാൽ മാത്രമേ അംഗീകാരം പുതുക്കാൻ കഴിയുകയുള്ളൂവെന്ന് കേന്ദ്ര മൃഗശാലാ അതോറിറ്റി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തൃശൂർ മൃഗശാല പുത്തൂർ എന്ന വനപ്രദേശത്ത് മാറ്റി സ്ഥാപിക്കാൻ തീരുമാനമെടുക്കുകയും വനഭൂമി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. തിരുവനന്തപുരം മൃഗശാലയുടെ അംഗീകാരം പുതുക്കുന്നതിന് കേന്ദ്ര മൃഗശാലാ അതോറിറ്റിയോട് അപേക്ഷിച്ചിട്ടുണ്ട്.

209 (4666) കെ.ഐ.ടി.എസ്. നടത്തുന്ന മസ്സാജ് കോഴ്സിന് ഡി.എ.എം.ഇ. യുടെ അംഗീകാരം ലഭ്യമാക്കാൻ നടപടി

ടൂറിസവുമായി ബന്ധപ്പെട്ട് ബിരുദാനന്തര മാനേജ്മെന്റ് ഡിപ്ലോമാ കോഴ്സ് ഇൻ ട്രാവൽ ആന്റ് ടൂറിസം (2 വർഷം), കേംബ്രിഡ്ജ് കാരിയർ അവാർഡ് (6 മാസം), ഫ്രണ്ട് ആഫീസ് മാനേജ്മെന്റ് കോഴ്സ് (4 മാസം), എയർ ടിക്കറ്റിംഗ് ആന്റ് ട്രാവൽ മാനേജ്മെന്റ് കോഴ്സ്(6 മാസം),

ആയുർവേദ മാസിയേഴ്സ് ട്രെയിനിംഗ് കോഴ്സ് (6 മാസം) എന്നീ കോഴ്സുകളാണ് കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം നടത്തുന്നത്.